# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ<br>DECEMBER 09 | 2016 |
|---|---|

## ശബരിമല പത്രക്കുറിപ്പ്



ഫോൺ : 04735-202664

www.prd.kerala.gov.in, prdsannidanam@gmail.com

Facebook Page: Sabarimalamediacentreiprdgok


### വ്യാജതിരിച്ചറിയൽ കാർഡ്: ശക്തമായ നടപടി സ്വീകരിക്കുമെന്ന് ഡ്യൂട്ടി മജിസ്ട്രേറ്റ്

ശബരിമല: ശബരിമലയിൽ പ്രവർത്തിക്കുന്ന കടകളിൽ വ്യാജ തിരിച്ചറിയൽ കാർഡ് ഉപയോഗിക്കുന്നവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുമെന്ന് ഡ്യൂട്ടി മജിസ്ട്രേറ്റ് പറഞ്ഞു.

എക്സിക്യൂട്ടീവ് മജിസ്ട്രേറ്റിന്റെ നേതൃത്വത്തിൽ തെരച്ചിൽ നടത്തിവരുന്നു. പരിശോധിച്ച 212 സ്റ്റാളുകളിൽ പലയിടത്തും വ്യാജ കാർഡ് ധരിച്ച് തൊഴിലാളികൾ ജോലി നോക്കുന്നതായും കണ്ടെത്തിയിട്ടുണ്ട്. ഇത്തരക്കാർക്ക് എതിരെ താക്കീത് നൽകുന്നതോടൊപ്പം നിയമ നടപടികളും സ്വീകരിക്കും. സന്നിധാനത്ത് ഇത്തരം പ്രവർത്തനങ്ങൾ സുരക്ഷയെ ബാധിക്കുമെന്നതിനാൽ ആവശ്യമായ നടപടികൾ സ്വീകരിക്കാൻ പോലീസ് സേനയ്ക്കും നിർദേശം നൽകിക്കഴിഞ്ഞു.

കുത്തക എടുത്തവരിൽ 60 ശതമാനം പേരും ബിനാമികളെ നിയോഗിച്ചശേഷം മടങ്ങിയതായി കണ്ടെത്തിയിട്ടുണ്ട്. ഇത് അനുവദിക്കാനാകില്ലെന്നും അത്തരം സംഭവങ്ങൾക്കെതിരെ ആവശ്യമായ നടപടികൾ സ്വീകരിക്കാൻ ദേവസ്വം അധികൃതർക്ക് നിർദേശം നൽകിയതായി ഡ്യൂട്ടി മജിസ്ട്രേറ്റ് പറഞ്ഞു.

### ഭക്തർ നെയ് ചൂടാക്കുന്ന പ്രവണത അവസാനിപ്പിക്കണം

ശബരിമല: അഭിഷേകത്തിന് ഭക്തന്മാർ തേങ്ങയിൽ കൊണ്ടുവരുന്ന നെയ് പാത്രങ്ങളിൽ ചൂടാക്കി സമർപ്പിക്കരുതെന്ന് നിർദേശം. നെയ്യുടെ അളവ് കുറയും എന്ന പേരിലാണ് അയ്യപ്പന്മാർ പാത്രങ്ങളിൽവച്ച് ചൂടാക്കുന്നത്.

എന്നാൽ ഇത് നെയ്ത്തോണിയിലേക്ക് പകരുമ്പോൾ ചൂടുകൂടുന്നത് മൂലം പ്രശ്നങ്ങൾ നേരിടുന്നതായി കണ്ടെത്തിയിട്ടുണ്ട്. ഭക്തർ കൊണ്ടുവരുന്ന നെയ് അതേപടി നെയ്ത്തോണിയിലേക്ക് സമർപ്പിക്കുന്നതാണ് ഉചിതമെന്ന് ദേവസ്വം അധികൃതർ വ്യക്തമാക്കി.

## കല്ലുപ്പ് ഉപയോഗിക്കരുതെന്ന് നിർദേശം

ശബരിമല: സന്നിധാനത്തും പമ്പയിലുമുൾപ്പെടെ ഹോട്ടലുകളിലും ഭക്ഷണശാല കളിലും കല്ലുപ്പ് ഉപയോഗിച്ച് പാചകം ചെയ്യരുതെന്ന് നിർദേശം നൽകി. ഭക്ഷ്യ സുര ക്ഷാ വകുപ്പിന്റെ പരിശോധനയിൽ പലയിടങ്ങളിലും പാചകത്തിനായി കല്ലുപ്പ് ഉപയോ ഗിക്കുന്നതായി കണ്ടെത്തിയിരുന്നു.

ഇത് ആരോഗ്യപ്രശ്നങ്ങൾക്ക് വഴിവെക്കുമെന്ന് ആരോഗ്യ അധികൃതർ അറിയിച്ച തിനെ തുടർന്ന് നടപടികൾ സ്വീകരിക്കുന്നതിനും പാചകശാലകൾക്ക് അറിയിപ്പ് നൽകു ന്നതിനും ഡ്യൂട്ടി മജിസ്ട്രേറ്റ് കെ.സി മോഹനൻ നിർദേശം നൽകി.

## നീലിമലയിൽ ആർഓ പ്ലാന്റ് പ്രവർത്തനം ആരംഭിച്ചു

ശബരിമല: അയ്യപ്പന്മാർക്ക് കുടിവെള്ളം സുലഭമാക്കുന്നതിനായി ജലവകുപ്പ് കൂടു തൽ ഇടങ്ങളിലേക്ക് പ്രവർത്തനം വ്യാപിപ്പിക്കുന്നു. ഇതിന്റെ ഭാഗമായി നീലിമലയിൽ ദി വസം 20000 ലീറ്റർ കുടിവെള്ളം ലഭ്യമാക്കുന്ന ആർഓ പ്ലാന്റ് പ്രവർത്തനം ആരംഭിച്ചു. ഇന്നലെ കിയോസ്കുകൾ സ്ഥാപിക്കുന്ന അവസാനവട്ട ഒരുക്കങ്ങൾ പൂർത്തിയായതോ ടെ കുടിവെള്ള വിതരണം പൂർണതോതിൽ ആയെന്ന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എ ഞ്ചിനീയർ രാജേഷ് ഉണ്ണിത്താൻ പറഞ്ഞു.

അപ്പാച്ചിമേടു മുതൽ നീലിമലവരെ നിലവിൽ 17 കിയോസ്കുകൾ ഉണ്ട്. ഇതിന്റെ എണ്ണം വർധിപ്പിക്കും. ഇവിടെ ചുക്കുവെള്ളവിതരണം കാര്യക്ഷമമായി നടക്കുന്നുണ്ടെ ങ്കിലും ജലദൗർലഭ്യം അയ്യപ്പന്മാരെ ബുദ്ധിമുട്ടിലാക്കുന്ന സാഹചര്യത്തിലാണ്. പത്ത് ടാ പ്പുകൾ അടങ്ങിയ അഞ്ചുവീതം കിയോസ്കുകൾ സ്ഥാപിക്കാൻ തീരുമാനിച്ചിരിക്കു ന്നത്.

പമ്പമുതൽ സന്നിധാനം വരെ 226 ടാപ്പുകൾ അടങ്ങിയ 93 വാട്ടർ കിയോസ്കു കളും നിലയ്ക്കലിൽ 48 ടാപ്പുകളോടു കൂടിയ 22 കിയോസ്കുകളും പ്രവർത്തന സജ്ജ മാണ്. ഭക്തർക്ക് കുടിവെള്ളം ലഭ്യമാക്കുന്നതിന് ആവശ്യമായ കിയോസ്കുകൾ വേണ്ടി വന്നാൽ അധികമായി സ്ഥാപിക്കുന്നതിനുള്ള സജ്ജീകരണങ്ങളും വാട്ടർ അഥോറിറ്റി ത യ്യാറാക്കിയിട്ടുണ്ടെന്ന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ രാജേഷ് ഉണ്ണിത്താൻ പറഞ്ഞു.

നിലവിൽ ചെളിക്കുഴിവരെ ജലവിതരണ സംവിധാനം വാട്ടർ അഥോറിറ്റി ഏർപ്പെ ടുത്തിയിട്ടുണ്ട്. ഇവിടെനിന്നും ചരൽമേട്ടിലേക്കും അടിയന്തിരമായി വാട്ടർ കിയോസ്ക് സംവിധാനം നടപ്പാക്കും. കൃത്യമായ മേൽനോട്ടവും ശുചീകരണവും അറ്റകുറ്റപ്പണി കളും നടത്തുന്നതിന് ജലവകുപ്പ് ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ട്. ഇത് കൃത്യമായി നട പ്പാകുന്നുണ്ടോ എന്ന് പരിശോധിക്കുകയും ചെയ്യും.

പലയിടങ്ങളിലും കിയോസ്കുകളിൽ അയ്യപ്പന്മാർക്കായി ഗ്ലാസുകൾ സജ്ജമാക്കി യിട്ടുണ്ട്. ഭക്തർ ഗ്ലാസുകൾ കൊണ്ടുപോയാൽ പകരമായി ഇതെത്തിക്കാനുള്ള നടപടി കൾ സ്വീകരിച്ചു കഴിഞ്ഞതായും രാജേഷ് ഉണ്ണിത്താൻ പറഞ്ഞു.

## മണ്ഡലം-മകരവിളക്ക് തുടർ അവലോകനയോഗം 14ന്

ശബരിമല: മണ്ഡലം-മകരവിളക്ക് തുടർ അവലോകനയോഗം ഈമാസം 14 ന് രാവിലെ 11 ന് ശബരിമല ഗസ്റ്റ് ഹൗസിൽ ചേരാൻ തീരുമാനിച്ചു. ഇന്നലെ നടന്ന യോ ഗത്തിൽ വിവിധ വകുപ്പുകൾ നടത്തിവരുന്ന പ്രവർത്തനങ്ങൾ ഡ്യൂട്ടി മജിസ്ട്രേറ്റ്, എക് സിക്യൂട്ടീവ് ഓഫീസർ, പോലീസ് അസിസ്റ്റന്റ് സ്പെഷ്യൽ ഓഫീസർ എന്നിവരുടെ നേതൃത്വത്തിൽ അവലോകനം ചെയ്തു.

എല്ലാ വകുപ്പുകളുടെയും ഏകോപനം വഴി ഭക്തർക്ക് സൗകര്യം ഉറപ്പാക്കുകയാ ണ് ലക്ഷ്യമെന്ന് യോഗത്തിൽ ഡ്യൂട്ടി മജിസ്ട്രേറ്റ് കെ.സി മോഹനൻ പറഞ്ഞു. ഭക്ത ന്മാർ ഉപയോഗിച്ചശേഷം പെറ്റ് ബോട്ടിലുകൾ കാട്ടിലേക്ക് വലിച്ചെറിയുന്നത് തടയാൻ നടപടികൾ സ്വീകരിക്കണമെന്ന് മലിനീകരണ നിയന്ത്രണബോർഡ് പ്രതിനിധികൾ ആ വശ്യപ്പെട്ടു.

ഇതേത്തുടർന്ന് ഭക്തർക്ക് അവബോധം നൽകുന്നതിനും നടപടികൾ സ്വീകരിക്കുന്നതിനും ഡ്യൂട്ടി മജിസ്ട്രേറ്റ് വനംവകുപ്പ് അധികൃതർക്ക് നിർദ്ദേശം നൽകി. സന്നിധാനത്ത് പതിനെട്ടാംപടിയിൽ ജോലിനോക്കുന്ന പോലീസ് ഉദ്യോഗസ്ഥർ ഭക്തരെ വലിച്ച് കയറ്റുമ്പോൾ മാളികപ്പുറങ്ങൾക്കുൾപ്പെടെ മുറിവും പരിക്കും ഏൽക്കുന്നതായി പരാതി ലഭിച്ചതിനെ തുടർന്ന് പതിനെട്ടാം പടിയിൽ പ്രവർത്തിച്ച് പരിചയമുള്ള ഉദ്യോഗസ്ഥരെ നിയോഗിക്കണമെന്ന് അസിസ്റ്റന്റ് സ്പെഷ്യൽ ഓഫീസറോട് ആവശ്യപ്പെട്ടു.

സന്നിധാനത്തെ വെടിവഴിപാട് കൗണ്ടറിൽനിന്നുള്ള അനൗൺസ്മെന്റിന്റെ ശബ്ദംമൂലം ട്രാക്ടറുകൾ കടന്നുവരുന്നത് ഭക്തർക്ക് മനസ്സിലാക്കാൻ സാധിക്കാത്ത അവസ്ഥയാണുള്ളതെന്നും ഫയർഫോഴ്സ് അധികൃതർ അറിയിച്ചു. ഇതേ തുടർന്ന് സന്നിധാനത്തുള്ള വെടിവഴിപാടിന്റെ ഉച്ചഭാഷണി ശബ്ദം കുറയ്ക്കുകയോ എടുത്തുമാറ്റുകയോ ചെയ്യണമെന്ന് ഡ്യൂട്ടി മജിസ്ട്രേറ്റ് ദേവസ്വംബോർഡ് അധികൃതർക്ക് നിർദേശം നൽകി.

കാളകെട്ടി-അഴുത കാനനപാതയിലെ റോഡിന്റെ സ്ഥിതി അവലോകനം ചെയ്യാനും വേണ്ട നടപടികൾ സ്വീകരിക്കാനും വനംവകുപ്പ് ഉദ്യോഗസ്ഥർ തയ്യാറാകണമെന്നും ഡ്യൂട്ടി മജിസ്ട്രേറ്റ് പറഞ്ഞു. യോഗത്തിൽ സന്നിധാനത്ത് പ്രവർത്തിക്കുന്ന മുഴുവൻ വകുപ്പുകളും സന്നിഹിതരായിരുന്നു.

## 62,500 രൂപ പിഴ ഈടാക്കി

സന്നിധാനത്ത് ഡ്യൂട്ടി മജ്സ്ട്രേറ്റ് കെ.സി.മോഹനൻ, എക്സിക്യൂട്ടീവ് മജിസ്ട്രേറ്റ് പരമേശ്വരൻ പോറ്റി എം.കെ എന്നിവരുടെ നേതൃത്വത്തിലുള്ള സ്ക്വാഡ് കവിഞ്ഞ രണ്ടു ദിവസങ്ങളിലായി വിവിധ നിയമലംഘനങ്ങളിൽ 62,500 രൂപ പിഴ ഈടാക്കി.

വിരി വയ്ക്കുന്നതിന് കുത്തക അനുവദിച്ച് നൽകിയിട്ടുള്ളത് 25 രൂപ ആണെങ്കിലും 40 രൂപ വരെ അമിതിമായി ഈടാക്കിയതിന് അഞ്ചു പേരിൽ നിന്നായി 45,000 രൂപയും സ്റ്റീൽ പാത്രത്തിന് അനുവദനീയമായ നിരക്ക് കിലോ 320 രൂപയിൽ നിന്നും അധികമായി വാങ്ങിയതിന് രണ്ടു പേരിൽ നിന്നും 7500 രൂപയും നിഷ്ക്കർഷിച്ചിട്ടുള്ളതിൽ കുറഞ്ഞ അളവിൽ ഭക്ഷണം നൽകി അമിത വില ഈടാക്കിയ ഹോട്ടലിന് 10,000 രൂപയും പിഴ ഈടാക്കി.

സന്നിധാനത്തെ വിരി ഷെഡ്ഡുകൾ ലേല സമയത്ത് ദേവസ്വം നിബന്ധനയിൽ ചേർത്ത നിരക്ക് തീർഥാടകർക്ക് അറിയുന്നതിന് പല ഭാഷകളിൽ എഴുതി ബോർഡ് പ്രദർശിപ്പിക്കണമെന്ന് നിർദേശം നൽകിയിരുന്നു. ഇതു പാലിക്കാത്തതിനും ജീവനക്കാർക്ക് ദേവസ്വം വിജിലൻസ് നൽകിയിട്ടുള്ള തിരിച്ചറിയൽ കാർഡ്, കുത്തക കോപ്പി, കടകളുടെ ലൈസൻസ്, കുത്തകക്കാരന്റെ പേരും ഫോൺ നമ്പരും എന്നിവ ലഭ്യമാക്കാത്തത് ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

പരിശോധനയ്ക്ക് ആരോഗ്യ, റവന്യൂ, ലീഗൽ മെട്രോളജി, ഭക്ഷ്യ-സിവിൽ സപ്ലൈസ് തുടങ്ങിയവയുടെ പ്രതിനിധികളും പങ്കെടുത്തു. വരും ദിനങ്ങളിൽ പരിശോധന തുടരുമെന്ന് ഡ്യൂട്ടി മജിസ്ട്രേറ്റ് അറിയിച്ചു.

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.